# മഹാത്മാഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 മാർച്ച് 24

# വാർത്താക്കുറിപ്പ്

## ചാൻസലേഴ്സ് അവാർഡ് 2020 മഹാത്മാഗാന്ധി സർവ്വകലാശാലക്ക്

കേരളത്തിലെ മികച്ച സർവ്വകലാശാലകൾക്ക് നൽകിവരുന്ന ചാൻസലേഴ്സ് അവാർഡ് 2020 മഹാത്മാഗാന്ധി സർവ്വകലാശാല കരസ്ഥമാക്കി. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലക്കൊപ്പമാണ് ഈ അവാർഡ് ഇത്തവണ മഹാത്മാഗാന്ധി സർവ്വകലാശാല പങ്കിടുന്നത്. 2016 ലും 2018 ലും ഈ അവാർഡ് മഹാത്മാഗാന്ധി സർവ്വകലാശാലക്ക് ലഭിച്ചിരുന്നു. കേരളത്തിലെ സർവ്വകലാശാലകൾക്കിടയിൽ ഏറ്റവും ഉയർന്ന ഗ്രേഡ് പോയിന്റായ 3.24 ഓടുകൂടി NAAC ന്റെ A ഗ്രേഡ് ആണ് മഹാത്മാഗാന്ധി സർവ്വകലാശാലക്കുള്ളത്. നാഷണൽ ഇൻസ്റ്റിട്യൂഷൻ റാങ്കിങ് ഫ്രെയിംവർക് (NIRF) പട്ടികയിൽ 30 സ്ഥാനങ്ങൾക്കുള്ളിൽ നിലകൊള്ളുന്ന മഹാത്മാഗാന്ധി സർവ്വകലാശാല ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് മന്ത്രാലയം നടത്തുന്ന അടൽ റാങ്കിങ് ഓഫ് ഇൻസ്റ്റിട്യൂഷൻസ് ഓൺ ഇന്നോവഷൻ അച്ചീവ്മെൻറ്സ് (ARIIA) ൽ രാജ്യത്തെ ഉയർന്ന 25 സർവ്വകലാശാലകളിൽ ഉൾപ്പെടുന്നു. ടൈംസ് വേൾഡ് യൂണിവേഴ് സിറ്റി റാങ്കിങ് 2019 ൽ 601- 800 ബാന്റിൽ ഉൾപ്പെട്ട മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ത്യാ ടുഡേ - MDRA റാങ്കിങ്ങിൽ ഇന്ത്യയിൽ 6 ആം സ്ഥാനത്തും കൗൺസിൽ ഫോർ സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് (CSIR) റാങ്കിങ്ങിൽ 13 ആം സ്ഥാനത്തും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ടെക്നോളജി ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (NISTADS) ന്റെ ശാസ്ത്ര സാങ്കേതിക എച്ച് ഇൻഡക്സ് പട്ടികയിൽ 19 ആം സ്ഥാനത്തും പ്രൊമോഷൻ ഓഫ് യൂണിവേഴ്സിറ്റി റിസർച്ച് ആൻഡ് സയന്റിഫിക് എക്സലൻസ് (PURSE) ൽ ഉൾപ്പെട്ട 29 സർവ്വകലാശാലകളിൽ 8 ആം സ്ഥാനത്തും ഉൾപ്പെട്ടിട്ടുണ്ട്. 2021 ലെ ടൈംസ് ഹയർ എഡ്യൂക്കേഷൻ എമെർജിങ് ഇക്കണോമി യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ ലോകോത്തര സർവ്വകലാശാലകൾക്കൊപ്പം 141 ആം സ്ഥാനത്ത് ഇടംപിടിച്ച മഹാത്മാഗാന്ധി സർവ്വകലാശാല ടി റാങ്കിങ്ങിൽ ഉൾപ്പെട്ട 63 ഇന്ത്യൻ സർവ്വകലാശാലകളിൽ 8 ആം സ്ഥാനവും കേരളത്തിലെ സർവ്വകലാശാലകളിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി.

(പി.ആർ.ഒ/39/393/2021)

## പരീക്ഷ തീയതി

2020 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്. പരീക്ഷകൾ കോവിഡ് വ്യാപനം മൂലം എഴുതാൻ സാധിക്കാതിരുന്ന വിദ്യാർഥികൾ 2021 മാർച്ച് 30 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. റീഅപ്പിയറൻസ്/സപ്ലിമെന്ററി പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്കൊപ്പം പരീക്ഷയ്ക്ക് ഹാജരാകണം. പ്രത്യേക രജിസ്ട്രേഷൻ കൂടാതെ നേരത്തെ നടന്ന നാലാം സെമസ്റ്റർ റഗുലർ പരീക്ഷയുടെ ഹാൾടിക്കറ്റ് ഉപയോഗിച്ച് പരീക്ഷയെഴുതാം. വിദ്യാർഥികൾ അവരവരുടെ കോളേജുകളിൽ തന്നെ പരീക്ഷയ്ക്ക് ഹാജരാകണം. വിശദവിവരത്തിന് കോളേജ് ഓഫീസുമായി ബന്ധപ്പെടണം.

(പി.ആർ.ഒ/39/393/2021)

ബി.എസ് സി. സൈബർ ഫോറൻസിക് (2013-2016 അഡ്മിഷൻ) വിദ്യാർഥികൾക്ക് ഏപ്രിൽ 13 മുതൽ നടക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. സൈബർ ഫോറൻസിക് (2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയ്ക്ക് ഹാജരാകാവുന്നതാണ്.

(പി.ആർ.ഒ/39/393/2021)

## സെനറ്റ് വാർഷികയോഗം മാർച്ച് 27ന്

മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് വാർഷികയോഗം മാർച്ച് 27ന് രാവിലെ 10ന് ഓൺലൈനായും ഓഫ്‌ലൈനായും കൂടുവാൻ തീരുമാനിച്ചു. യോഗത്തിൽ നേരിട്ട് പങ്കെടുക്കുന്ന അംഗങ്ങൾ സർവകലാശാല ഭരണവിഭാഗത്തിലെ സെനറ്റ് ഹാളിൽ എത്തണം.

(പി.ആർ.ഒ/39/393/2021)

**നജീബ് എം.**
പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)